--***--

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# എം. എ പ്രവേശനപരീക്ഷ - 2025

## താരതമ്യസാഹിത്യ-വിവർത്തനപഠനം

**കോഴ്സ് കോഡ് : MUE 25 CLTS - 11**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾക്ക് തത്തുല്യമായ ഇംഗ്ലീഷ് പദങ്ങൾ നിർദേശിക്കുക. (1 x 5= 5)

1. പ്രതിരോധം
2. പ്രയോഗം
3. സമതുല്യത
4. പലായനം
5. പ്രാദേശികഭാഷ

II. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾക്ക് തത്തുല്യമായ മലയാളപദങ്ങൾ നിർദേശിക്കുക. (1 x 5= 5)

1. Western Impact
2. Creative writing
3. Translatability
4. Medieval literature
5. Visual experience

III. താഴെത്തരുന്ന ചോദ്യങ്ങൾക്ക് ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. (1 x 10= 10)

1. 2024 ലെ മാൻ ബുക്കർ ഇന്റർനാഷണൽ പുരസ്കാരം ലഭിച്ച കൃതി ?
2. 'ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി ' എന്ന് ഭൂമിക്ക് ചരമഗീതം എഴുതിയ കവി ?
3. ഇംഗ്ലീഷ് ഭാഷയിലെ സ്വരാക്ഷരങ്ങൾ ഏതെല്ലാം ?
4. വിവർത്തനത്തിന് ഉപയോഗിക്കുന്ന രണ്ടു ഓൺലൈൻ ടൂളുകൾ?
5. മലയാളത്തിലെ ആദ്യ രാഷ്ട്രീയ നാടകത്തിന്റെ പേരെന്ത് ? അതിന്റെ രചയിതാവ് ആര് ?
6. കുമാരനാശാന്റെ ഏത് കൃതിയിലെ നായികയാണ് വാസവദത്ത ?
7. ആനവാരി രാമൻ നായർ എന്ന കഥാപാത്രത്തിന്റെ സ്രഷ്ടാവ് ആരാണ് ?
8. വിവർത്തനങ്ങളിലൂടെ മലയാളി എഴുത്തുകാരനായി മാറിയ വിശ്വപ്രസിദ്ധ ലാറ്റിൻ അമേരിക്കൻ നോവലിസ്റ്റ്.?
9. കണ്ണകിയുടെയും കോവലന്റെയും കഥ പറയുന്ന തമിഴ് ഇതിഹാസം ഏത് ?
10. 'ഗണപതിക്കല്യാണം' എന്ന ശൈലിയുടെ അർഥം ?

IV. ചേരുംപടി ചേർക്കുക. (1 x 5= 5)

| A | B |
|---|---|
| 1. പാത്തുമ്മയുടെ ആട് | ആർ . രാജശ്രീ |
| 2. പെണ്ണപ്പൻ | എം.ആർ. വിഷ്ണുപ്രസാദ് |
| 3. മത്തിയാസ് | ബഷീർ |
| 4. പട്ടുനൂൽപുഴു | ആദി |
| 5. ആത്രേയകം | എസ്.ഹരീഷ് |



V. താഴെത്തരുന്നവയിൽ നിന്ന് ഒരു ഖണ്ഡിക തെരഞ്ഞെടുത്ത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക. (1 x 5= 5)

a) ഒടുവിൽ ഇടനാഴിപോലുള്ള ഒരു ഇരുണ്ട മുറിയിലെത്തിച്ചേർന്നു. ഒരുഭാഗത്തായി മങ്ങിയവെട്ടം മാത്രം കടത്തിവിടുന്ന കണ്ണാടി. മറുഭാഗത്തായി കറുത്ത ചുമര്. ജനാലയോട് ചേർന്ന് ഒരു നീളൻ ബഞ്ച്. ആ ബഞ്ചിൽ എനിക്കറിയാവുന്ന കുറെ മനുഷ്യർ കാത്തിരിപ്പുണ്ട് .

OR

b) കേരളത്തിന് പ്രധാനമായും രണ്ടു മഴക്കാലങ്ങളാണുള്ളത്. ജൂണിൽ ആരംഭിക്കുന്ന തെക്കു പടിഞ്ഞാറൻ മൺസൂൽൺ, അല്ലെങ്കിൽ കാലവർഷം . ഇതിന് ഇടവപ്പാതി എന്നും പേരുണ്ട്. മലയാളം കലണ്ടറിലെ എടവ മാസത്തിന്റെ പകുതിയോടെയാണ് മഴ ശക്തിപ്പെടുക. അതാണീ പേര്.

VI. താഴെത്തരുന്നവയിൽ നിന്ന് ഒരു ഖണ്ഡിക തെരഞ്ഞെടുത്ത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക. (1 x 5= 5)

a). The old woman, Thavasi Patti had a little goat; when she was young and healthy, she used to look after many goats and cattle. Now, even if she wished to she could not, as her health had deteriorated. Even in her weak old age, however, she toiled and cooked for herself. She had given birth to and brought up eight children, found them brides and grooms, lost her husband to death – it was pitiful to see her cooking and eating all alone

OR

b). The early 20th century saw the birth of 'tent' troupes, giving performances to audiences made up of common people who were admitted by ticket. These troupes were responsible for the commercialisation of *Yakshagana*. The genre saw major changes in form and organisation. Electrical lights replaced the gas lights; seating arrangements improved; the inclusion of folk epics, Sanskrit dramas, and fictional stories formed the modern thematic base of the discipline.

V. താഴെത്തരുന്നവയിൽ നിന്ന് ഏതെങ്കിലും മൂന്ന് എണ്ണം തെരഞ്ഞെടുത്ത് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3 x 5= 15)

1. മലയാളത്തിൽ നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച ഏതെങ്കിലും ഒരു നോവലിനെക്കുറിച്ച് ഉപന്യസിക്കുക?
2. "സാഹിത്യചരിത്രം ഒരു ഭാഷയിലെ സാഹിത്യത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠ വിവരങ്ങളാണ് നൽകുന്നത്"- ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
3. ദളിത് സാഹിത്യത്തെ മുൻനിർത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
4. "ആത്മകഥ എന്ന സാഹിത്യരൂപത്തിന് സമകാല ഇന്ത്യൻ പശ്ചാത്തലത്തിൽ സവിശേഷ പ്രാധാന്യമുണ്ട്". - വിശദീകരിക്കുക?
5. മലയാളത്തിലെ പഴഞ്ചൊല്ലുകളെ മുൻനിർത്തി ഒരു സാംസ്കാരിക വിമർശനം തയ്യാറാക്കുക.
6. ഏതെങ്കിലും ഒരു സിനിമയെ മുൻനിർത്തി സിനിമാ നിരൂപണത്തിന്റെ മാതൃക തയ്യാറാക്കുക?